പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 318 — 09/04/2013-ൽ മറുപടിയ്ക്ക്

## വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പി. കെ. ബഷീർ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് റവന്യു വകുപ്പിൽ നിലവിലുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ ; | (എ) 1894-ലെ കേന്ദ്ര പൊന്നുംവില നിയമത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനം രൂപീകരിച്ച 1990-ലെ കേരള പൊന്നുംവില ചട്ടം അനുസരിച്ചുമാണ് സംസ്ഥാനത്ത് പൊതു ആവശ്യത്തിന് സ്വകാര്യഭൂമി ഏറ്റെടുക്കുന്നത്. സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട നഷ്ട പരിഹാരം ലഭ്യമാക്കുന്നതിനുമായി 15-11-2011-ലെ ജി.ഒ.(എം. എസ്) 419/11/റവ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം സമഗ്രമായ ഒരു പുനരധിവാസ പാക്കേജ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 03-05-2012-ലെ ജി.ഒ. (എം.എസ്) 182/12/റവ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾക്കും സർക്കാർ രൂപം നൽകിയിട്ടുണ്ട്. |
| (ബി) ഓരോ പദ്ധതിക്കുമുള്ള സ്ഥലമെടുപ്പിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന രീതിയാണോ പ്രാബല്യത്തുലുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) അല്ല. സ്ഥലമെടുപ്പിന് 1894-ലെ കേന്ദ്ര പൊന്നുംവില നിയമവും 1990-ലെ കേരള പൊന്നുംവില ചട്ടവുമാണ് പ്രാബല്യത്തിലുള്ളത്. 03-05-2012-ലെ ജി.ഒ. (എം.എസ്) 182/12/റവ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കലിനുള്ള നടപടികൾ ഏകീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പൊതു ആവശ്യത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളിലെ കാലതാമസം ഒഴിവാക്കാൻ നടപടിക്രമങ്ങളിൽ പരിഷ്ക്കാരം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) | വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുമാണ് 15-11-2011-ലെ ജി.ഒ.(എം. എസ്) 419/11/റവ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം പുനരധിവാസ നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. ഇതു വഴി കാലതാമസം ഒരു പരിധിവരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.